പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :550 24.01.2018 ലെ മറുപടിക്ക്

**പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. രണ്ടാം പുന:സംഘടനാ പദ്ധതി<br>2.എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.<br>3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം<br>4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.<br>പുന:സംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജിരിയൽ ഗ്രാന്റ് അനുവദിച്ച് ജി.ഒ.(ആർടി) 583/2017/ഐഡി തീയതി 31/03/17 പ്രകാരം ഉത്തരവായിട്ടുണ്ട്. 2,07,15,000/- രൂപ ഇതുവരെയായി അനുവദിച്ചിട്ടുണ്ട്. നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ എല്ലാം മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ ബജറ്റ് പ്രകാരം 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം വിലസ്ഥിരതാഫണ്ടിന് 48.7 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് |

| | |
|---|---|
| | ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽ പറഞ്ഞതിൽ ഒരു മെഷീൻ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) കയർ തൊഴിലാളികൾ ഈ മേഖല ഉപേക്ഷിച്ചു പോകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) പുതിയ തലമുറ കയർ വ്യവസായത്തിൽ പണിയെടുക്കുന്നതിൽ വിമുഖരാണ്. പഴകിയ സാങ്കേതിക വിദ്യയും കുറഞ്ഞ വരുമാനവുമൊക്കെ ഇതിന് കാരണങ്ങളാണ്. കയർ വ്യവസായത്തിന്റെ സമ്പൂർണ്ണ ആധുനീകരണം ഈ തൊഴിൽ മേഖല ആകർഷകമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. അതേസമയം പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികളുണ്ട്. അവരുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) കയറിന് ലഭിക്കുന്ന റിബേറ്റ് തുക നേരിട്ട് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) കയർ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും ന്യായമായ വില നൽകി കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സംഭരിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് അവ വിറ്റഴിക്കാൻ കഴിയാതെ വരുന്ന സന്ദർഭത്തിൽ പി.പി.എസ്.എസ് പദ്ധതി പ്രകാരം കമ്മറ്റി നിശ്ചയിക്കുന്ന നിരക്കിൽ സബ്സിഡിയായി തുക അനുവദിച്ചു നൽകുന്നുണ്ട്. ആയതിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് പരോക്ഷമായി ലഭിക്കുന്നുണ്ട്. അതേസമയം വരുമാന ഉറപ്പ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം പ്രധാനമായും 'ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ' (ഡി.ബി.റ്റി) വഴിയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ